പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1043.

11.2.2016 ---ൽ
മറുപടിയ്ക്ക്

**കെ-സാക് ചെയർമാനായി ശ്രീ.പി.അൻവറിനെ നിയമിച്ച നടപടി.**

ചോദ്യം
**ശ്രീമതി.കെ.എസ്.സലീഖ.**

മറുപടി
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | വൈസ് ചാൻസലർ പദവിയുള്ള, സംസ്ഥാന അക്രഡിറ്റേഷൻ കൗൺസിലിന്റെ (കെ--സാക്) ചെയർമാനായി നിയമിക്കപ്പെടേണ്ടവരുടെ യോഗ്യതകൾ എന്തെല്ലാമെന്നും ഇവർക്ക് നിശ്ചയിച്ചിട്ടുള്ള ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ; | (എ) | അഞ്ച് വർഷം അക്കാദമിക ഭരണ പരിചയവും 25 വർഷത്തെ അദ്ധ്യാപന പരിചയവുമുള്ളതും പി.എച്ച്.ഡി ബിരുദധാരിയുമായി വിദ്യാഭ്യാസ വിചക്ഷണനായിരിക്കണം. കൂടാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശോധിച്ച് വിലയിരുത്തിയ പരിചയവും എന്നതാണ് ചെയർമാന് വേണ്ട യോഗ്യതകൾ. സംസ്ഥാനത്തെ സർവ്വകലാശാല വൈസ്ചാൻസലർക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാകും ചെയർമാന് ലഭിക്കുക |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് ചീഫ് സെക്രട്ടറിയുടെ എതിർപ്പ് തള്ളി മുൻ ഗ്രാമപഞ്ചായത്തംഗമായ ശ്രീ.പി.അൻവറിനെ നിയമിക്കാനുള്ള തീരുമാനം ഹൈക്കോടതി സ്റ്റേ ചെയ്യുവാനുള്ള കാരണം എന്താണ് ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് അസസ്സ്മെന്റ് & ആക്രിഡിറ്റേഷൻ കൗൺസിൽ ചെയർമാനായി ആരെയും നിയമിച്ചിട്ടില്ല. ബഹു.ഹൈക്കോടതി മുമ്പാകെ കേസ് നിലവിലുള്ളതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ചെയർമാൻ സ്ഥാനത്തേയ്ക്ക് നിയമനം നടത്തുന്നതിന് കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിക്ക വേണ്ട യോഗ്യതകൾ എന്തെല്ലാം ; പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കാൻ ശ്രീ.പി.അൻവറിനുണ്ടായിരുന്ന യോഗ്യതകൾ എന്തെല്ലാം ; വ്യക്തമാക്കുമോ ; | (സി) | 2007 കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്റ്റ് പ്രകാരം, "an Academician, preferably with administrative experience" എന്നതാണ് മെമ്പർ സെക്രട്ടറിയ്ക്ക് വേണ്ട യോഗ്യത. സാമ്പത്തിക ശാസ്ത്രവിഭാഗം വകുപ്പ് തലവനും അസോസിയേറ്റ് പ്രൊഫസ്സറുമായിരുന്ന ശ്രീ.പി.അൻവറിന് 29 വർഷത്തെ അധ്യാപന പരിചയവും അഡൽറ്റ് എഡ്യുക്കേഷൻ പ്രോഗ്രാം ഓഫീസർ, കൊച്ചിൻ സർവ്വകലാശാല സെനറ്റ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ച പരിചയവുമുള്ളതാണ്. |
| (ഡി) | ശ്രീ.പി.അൻവർ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയായിരുന്ന കാലയളവിൽ സ്വയംഭരണാവകാശത്തിന് എത്ര കോളേജുകൾ അപേക്ഷ നൽകി എന്നും അതിൽ എത്രയെണ്ണത്തിന് സ്വയംഭരണാവകാശം നൽകിയെന്നും അവ ഏതൊക്കെ കോളേജുകളാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ഡി) | ആദ്യ ഘട്ടത്തിൽ 32 കോളേജുകളിൽ പരിശോധന നടത്തുകയും 13 കോളേജുകളെ സ്വയംഭരണ പദവിയ്ക്കായി യു.ജി.സിയോട് ശുപാർശ ചെയ്യുന്നതിന് സർവ്വകലാശാലകളോട് നിർദ്ദേശിക്കുകയും അതിൽ 12 കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ പരിശോധന നടത്തിയ 17 കോളേജുകളിൽ 9 കോളേജുകൾക്ക് സ്വയംഭരണ പദവിയ്ക്കായി ശുപാർശ ചെയ്തു. അതിൽ ഒരു കോളേജിന് യു.ജി.സി സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1.മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം<br>2.ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം<br>3.സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി,കോട്ടയം<br>4.മഹാരാജാസ് കോളേജ്, എറണാകുളം<br>5.സെന്റ് തെരേസാസ് കോളേജ്, എറണാകുളം<br>6.സേക്രട്ട് ഹാർട്ട് കോളേജ്, തേവര,എറണാകുളം<br>7.രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,എറണാകുളം<br>8.സെന്റ് തോമസ് കോളേജ്,തൃശ്ശൂർ<br>9.എം.ഇ.എസ് കോളേജ്, മമ്പാട്, മലപ്പുറം<br>10.ഫറോക്ക് കോളേജ്, കോഴിക്കോട് |

| | |
|---|---|
| | 11.സെന്റ് ജോസഫസ് കോളേജ്, ദേവഗിരി, കോഴിക്കോട്. 12.ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട,തൃശ്ശൂർ 13.വിമല കോളേജ്, തൃശ്ശൂർ. (2016-17മുതൽ) |
| (ഇ) (കെ--സാക്) ചെയർമാനായി ശ്രീ.പി.അൻവറിനെ എന്നാണ് സർക്കാർ നിയമിച്ചതെന്നും ടിയാന്റെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും പ്രസ്തുത നിയമനത്തിന് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ടിയാന് ഉണ്ടോ എന്നും വ്യക്തമാക്കുമോ ? | (ഇ) കേരള സ്റ്റേറ്റ് അസസ്സ്മെന്റ് & ആക്രിഡിറ്റേഷൻ കൗൺസിൽ ചെയർമാനായി ശ്രീ.പി.അൻവറിനെ നിയമിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ